# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1691 | 17.06.2013 ലെ മറുപടിക്ക്

## സർവ്വീസിൽ പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രാതിനിധ്യം ഉറപ്പാക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി. ഗീതാ ഗോപി | | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി | |
| (എ) | സംസ്ഥാന സർവ്വീസിൽ പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനുവേണ്ടി നടപ്പിലാക്കിയിരുന്ന സ്പെഷ്യൽ റിക്രൂട്ട്മെന്റ് നിലവിലും നടപ്പിലാക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഏറ്റവും അവസാനമായി ഈ രീതിയിൽ പട്ടികവർഗ്ഗ ക്കാർക്ക് സർവ്വീസിൽ നിയമനം നൽകിയത് എപ്പോഴാണ്; . ഇപ്രകാരമുള്ള ഏതെങ്കിലും റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ടോ; | (ബി) | പട്ടികവർഗ്ഗക്കാർക്ക് സർവ്വീസിൽ നിയമനം നൽകുന്നത് തുടർച്ചയായി നടന്നുവരികയാണ്. സ്റ്റേറ്റ് സർവ്വീസിൽ (ഗസറ്റഡ് തസ്തിക) പട്ടിക വർഗ്ഗക്കാർക്ക് മാത്രമായി താഴെപ്പറയുന്ന റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ട്.<br>1) ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ HSST (Zoology Jr.). (ഈ ലിസ്റ്റിൽ നിന്നും രണ്ട് ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്തിട്ടുണ്ട്.)<br>2) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ലക്ചറർ ഇൻ ഹിസ്റ്ററി (ഒരു ഉദ്യോഗാർത്ഥിയെ നിയമന ശിപാർശ ചെയ്തിട്ടുണ്ട്) |

| | | | |
|---|---|---|---|
| | | | ഇങ്ങനെ സംസ്ഥാനതല നിയമന തസ്തികകളിലേക്ക് പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 34 റാങ്ക് ലിസ്റ്റുകളും പട്ടികവർഗ്ഗക്കാർക്ക് 18 റാങ്ക് ലിസ്റ്റുകളും നിലവിലുണ്ട്. ജില്ലാതല സബോർഡിനേറ്റ് സർവ്വീസ് തസ്തികയിലേക്ക് 14 ജില്ലകളിലായി വിവിധ റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ട്. ഒഴിവുകൾ അറിയിക്കപ്പെടുന്ന മുറയ്ക്ക് നിയമന ശിപാർശയും നടക്കുന്നുണ്ട്. |
| (സി) | വിവിധ വകുപ്പുകളിൽ പട്ടികവർഗ്ഗക്കാരായവർക്ക് മതിയായ പ്രാതിനിധ്യം ഉറപ്പു വരുത്തുന്നതിന് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുമോ; വിശദമാക്കുമോ? | (സി) | പട്ടികവിഭാഗക്കാർക്ക് മതിയായ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിന് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുന്നുണ്ട്. വാർഷിക അവലോകനം നടത്തിയശേഷം വേക്കൻസി റിപ്പോർട്ട് ചെയ്യുന്നതിന്റെ അടിസ്ഥാനത്തിലാണ് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തിവരുന്നത്. |

Harikumar

സെക്ഷൻ ഓഫീസർ